**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111** **12-01-2021 - ൽ മറുപടിയ്ക്ക്**

**മനുഷ്യാവകാശ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസുദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സാധിച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിനായി പോലീസ് ആസ്ഥാനത്ത് നിന്നും 01/2019 നമ്പർ പ്രകാരം ഒരു Advisory 14.09.2019 തീയതിയിൽ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കുമായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ബഹു. കോടതി ഉത്തരവുകൾ, ബഹു. മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശങ്ങൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ സമയബന്ധിതമായി പാലിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) | 43 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മനുഷ്യാവകാശ കമ്മീഷന്റെ 12.04.2018-ലെ ഉത്തരവ് പ്രകാരം കേരള പോലീസ് ആക്റ്റിലെ 86-ാം സെക്ഷൻ അനുസരിച്ചുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നോയെന്ന് അറിയിക്കുമോ; | (സി) | നിർദ്ദേശിച്ചിരുന്നു. |
| (ഡി) | പ്രസ്തുത ഉത്തരവ് തീയതിക്ക് ശേഷം ഇതു പ്രകാരം എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ? | (ഡി) | 8 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ